(Pages : 4)

**J – 2516**

Reg. No. : 115191320l2

Name : Ananthalekshmi S

**Second Semester B.A./B.Sc. Degree Examination, May 2020**

**First Degree Programme under CBCSS**

**Malayalam Language**

**Language Course V – Additional Language**

**ML 1211.1 : ഗദ്യസാഹിത്യം**

**(2018 admission onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ ഉത്തരം എഴുതുക.

1. 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവൽ എഴുതിയതാര് ?

2. സി.വി. രാമൻ പിള്ള എഴുതിയ ഒരു ചരിത്ര നോവലിന്റെ പേരെഴുതുക.

3. 'അപ്ഫന്റെ മകൾ' എന്ന നോവലിന്റെ കർത്താവാര് ?

4. 'തിരസ്കാരം' എന്ന നിരൂപണ ഗ്രന്ഥം എഴുതിയതാര് ?

5. എം.ടി. വാസുദേവൻ നായരുടെ രണ്ട് നോവലുകളുടെ പേര് എഴുതുക.

6. കുറ്റം ചെയ്ത പട്ടി വാലും മടക്കി നിൽക്കും പോലെ നിന്നതാര് ?

7. കമല എന്ന പെൺകുട്ടിക്ക് അവളുടെ പതിനാലാം പിറന്നാളിന് അച്ഛൻ നൽകിയ സമ്മാനം എന്ത് ?

8. "മരയ്ക്കാരെ നിങ്ങൾക്കു ഞാൻ പതിനഞ്ചു റുപ്പിക കടംവീട്ടാനുണ്ട് അല്ല, പതിനഞ്ച് റുപ്പികയും നാലണയും" - ആരുടെ വാക്കുകളാണിത് ?

9. 'ലന്തൻബത്തേരിയിലെ ലുത്തിനിയകൾ' എന്ന നോവൽ എഴുതിയതാര് ?

10. 'ഖസാക്കിന്റെ ഇതിഹാസം' എഴുതിയതാര് ?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

11. വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്, അത് അങ്ങനെ തന്നെ ഇരിക്കട്ടെ. സന്ദർഭം എഴുതി ആശയം വ്യക്തമാക്കുക.

12. അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി - എപ്പോൾ? വിശദമാക്കുക.

13. കാല്പനികത എന്നല്ല കാല്പനികതകൾ എന്നാണ് പറയേണ്ടത് എന്ന് ലവ്ജോ പറയുവാൻ കാരണമെന്ത്?

14. മലയാള ഗദ്യത്തിന്റെ വളർച്ചയിൽ ദിനപത്രത്തിന്റെ പങ്കിനെപ്പറ്റി ഇ.എം.എസിന്റെ അഭിപ്രായം എന്ത്?

15. "എന്റേതല്ലാത്ത മുതൽ റെയിൽ സ്റ്റേഷനിൽ നിന്നു എനിക്ക് കിട്ടിയാൽ ഞാൻ ആ മുതൽ ആരുടെ പക്കൽ ഏൽപ്പിക്കണം ?" - സന്ദർഭം എഴുതി വിശദമാക്കുക.

16. ഉതുപ്പാനെ ഭ്രാന്തനെന്ന് വിളിക്കാൻ കാരണമെന്ത് ?

17. ചെറിയച്ഛന്റെ മരണത്തെക്കാൾ വീട്ടിലുള്ളവർക്ക് സങ്കടം ഉളവാക്കിയ സംഭവമായിരുന്നു അത്. - ഏത് ?

18. വാർത്താസ്ഫോടനങ്ങൾ ഇക്കാലത്ത് നടക്കുന്നതെങ്ങനെ ?

19. സാഹിത്യത്തെ സി.വി. സമ്പന്നമാക്കിയത് എങ്ങനെയെന്നാണ് കെ.പി. അപ്പൻ അഭിപ്രായപ്പെടുന്നത് ?

20. ആദ്യകാല കഥകളുടെ എല്ലാ പ്രത്യേകതകളും ഉൾക്കൊള്ളുന്ന കഥയാണ് ആരാന്റെ കുട്ടി. വിശദമാക്കുക.

21. ഫുട്ബോളുമായുള്ള ഗീവർഗീസച്ചന്റെ ബന്ധം അപഗ്രഥിക്കുക.

22. ക്യാൻസറിനോട് പട പൊരുതി വിജയം നേടിയ നൗഷാദിനെപ്പറ്റി എഴുതുക.

(8 × 2 = 16 Marks)

III. **120** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. ഫലിതം കാഴ്ചപ്പാടിന്റെ മഹത്വത്തിൽ നിന്ന് ജനിക്കുന്ന ചിരിയല്ല എന്നു പറയാൻ കാരണം എന്ത്?

24. ഉമ്മാച്ചുവിലെ തറവാട് ഭാഗിക്കാൻ ഇടയായ സാഹചര്യം എഴുതുക.

25. ആദ്യകാല കഥകളുടെ വിഷയം സ്വഭാവം വിശകലനം ചെയ്യുക.

26. പെൺകുട്ടികളോടുള്ള സമൂഹത്തിന്റെ സമീപനം അനാവരണം ചെയ്യുന്ന കഥയാണ് കൃഷ്ണഗാഥ - വിശദീകരിക്കുക.

27. ഹിഗ്വിറ്റയിൽ അവതരിപ്പിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ എന്തെല്ലാം?

28. സരസ്വതിയമ്മയുടെ ജീവിതവീക്ഷണം 'പെൺബുദ്ധി' എന്ന കഥയിൽ ആവിഷ്കൃതമാകുന്നത് എങ്ങനെ ?

29. മാധ്യമങ്ങൾ നമ്മുടെ മനസ്സിനെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു ? വിശദീകരിക്കുക.

30. മലയാളഭാഷ ഏതുവിധത്തിൽ നിലനിർത്തണമെന്നാണ് ഇ.എം.എസ്. അഭിപ്രായപ്പെടുന്നത് ?

31. 'തല്പം' എന്ന കഥയുടെ സമകാലപ്രസക്തി എന്ത് ?

(6 × 4 = 24 Marks)

IV. മൂന്നു പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. എം.ടി. കഥകളുടെ പൊതുസ്വഭാവം പ്രകടിപ്പിക്കുന്ന ഒരു കഥയാണ് കർക്കിടകം. ചർച്ച ചെയ്യുക.

33. മലയാള നോവൽ സാഹിത്യത്തിലെ അതിശക്തമായ ഒരു സ്ത്രീ കഥാപാത്രമാണ് ഉമ്മാച്ചു - നിരൂപിക്കുക.

34. ഹിഗ്വിറ്റയിലെ ജീവിതദർശനം എന്ത്? ചർച്ച ചെയ്യുക.

35. മലയാള പ്രതിഭയുടെ മൗനം കെ.പി. അപ്പൻ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയെന്ന് പരിശോധിക്കുക.

**(2 × 15 = 30 Marks)**

---

(Pages : 4)

Reg. No. : 115191132012

Name : Ananthalekshmi S.

J – 2624

# Second Semester B.A. Degree Examination, May 2020

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course II – ML 1241 : നാടകം : ചരിത്രം, പാഠം, പ്രയോഗം

## (2018 admission onwards)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1. കാളിദാസൻ എഴുതിയ ഏതെങ്കിലും രണ്ടു നാടകങ്ങളുടെ പേരെഴുതുക.

2. 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിന്റെ കർത്താവാര് ?

3. ഏതെങ്കിലും രണ്ടു നാടോടിനാടകങ്ങളുടെ പേരെഴുതുക.

4. കഥാർസിസിനെ വിശകലനം ചെയ്ത ആചാര്യന്റെ പേരെന്ത് ?

5. 'നാട്യശാസ്ത്ര'ത്തിന്റെ കർത്താവാര് ?

6. മലയാളത്തിലെ ആദ്യത്തെ സാമൂഹികനാടകമേത് ?

7. രണ്ട് യോഗക്ഷേമസഭാ നാടകങ്ങളുടെ പേരെഴുതുക.

P.

8. മരണം ഒരു ഫലിതമാണെന്നു പറഞ്ഞ കഥാപാത്രത്തിന്റെ പേരെന്ത് ?

9. മലയാളത്തിലെ ഇബ്സൺ എന്നറിയപ്പെടുന്നതാര് ?

10. ഏതു ഷേക്സ്പിയർ നാടകത്തിന്റെ വിവർത്തനമാണ് ആൾമാറാട്ടം ?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

11. "സ്വപ്നമീക്കണ്ടതെന്നാകിൽ
ധന്യത്വമുണരായ്ക താൻ ;
ഭ്രമമാണെങ്കിലോ പിന്നെ
ഭ്രമമേ മതി ശാശ്വതം" നാടകത്തിന്റെ മർമ്മമാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്. വിശദമാക്കുക.

12. മറിയാമ്മയുടെ സ്വഭാവം എങ്ങനെയുള്ളതായിരുന്നു?

13. "ഗുണമായാലും ദോഷമായാലും അതോണ്ടുള്ളതൊക്കെ അനുഭവിക്കണ്ടോരും അവരന്ന്യാണല്ലോ." ആര് ? എന്ത് അനുഭവിക്കുന്നതിനെപ്പറ്റിയാണ് ഇവിടെ പറയുന്നത് ?

14. "കാമം തന്നെയാണ് ധർമ്മാർത്ഥങ്ങളേക്കാൾ ശക്തം. അയോദ്ധ്യയിലെ രാജാക്കന്മാർ ഭാവിയിലെങ്കിലും സ്ത്രീക്കുവേണ്ടി രാജ്യത്തെ ഹോമിക്കാതിരിക്കട്ടെ." സന്ദർഭവും ആശയവും കുറിക്കുക.

15. "ഒന്നുകിൽ തന്നെ ഞാനൊരു ജെന്റിൽമാനാക്കും, അല്ലെങ്കിൽ തന്നെ ഞാൻ തുലയ്ക്കും." വിശദീകരിക്കുക.

16. കറുത്ത ദൈവത്തെത്തേടി എന്ന നാടകത്തിൽ കാടിനെ ഒരു കഥാപാത്രമായി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

17. "പക്ഷേ, നിയമത്തിന് മരണത്തിൽ താല്പര്യമില്ല; കൊലക്കേസിൽ മാത്രമേയുള്ളൂ." ആശയം വ്യക്തമാക്കുക.

18. "വവ്വാലിനെപ്പോലെ കണ്ണും അടച്ചു പൂട്ടിക്കൊണ്ടാണ് ആളുകൾ ഓരോ അഭിപ്രായം തട്ടിമൂളിക്കുന്നത്! ഓരോരോ കാര്യങ്ങളിൽ ഇടപെടുന്നത്!" ഇങ്ങനെ പറയാൻ കാരണമെന്ത് ?

19. "നശിച്ച മുതലാളിത്തത്തിന്റെ തുറുപ്പു ചീട്ടാണ് ദൈവ"മെന്ന് സമത്വവാദി പറയാൻ കാരണമെന്ത് ?

20. "ഈ വഴികാട്ടിയെയാണ് തല്ലേണ്ടത്" എന്ന് അന്വേഷണ സംഘം പറയാൻ കാരണമെന്ത് ?

21. തെരുവുനാടകങ്ങളുടെ പ്രത്യേകതയെന്ത് ?

22. ഇബ്സനിസം - കുറിപ്പെഴുതുക.

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചുവടു പിടിച്ചുള്ള നാടക മുന്നേറ്റം വിലയിരുത്തുക.

24. ഒരു സ്ത്രീപക്ഷ നാടകമെന്ന നിലയിൽ ലേബർ റൂം പരിചയപ്പെടുത്തുക.

25. തമിഴ് സംഗീത നാടകങ്ങളെ പരിചയപ്പെടുത്തുക.

26. അന്ന് നിലവിലുണ്ടായിരുന്ന അനാചാരങ്ങളെ ചോദ്യം ചെയ്യാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഋതുമതി എന്ന നാടകം. വിശദമാക്കുക.

27. കന്യകയിലെ രാജശേഖരൻ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

28. പ്രഭുത്വവും സ്ഥിതിസമത്വവും ഏറ്റുമുട്ടുന്ന കാഴ്ചയാണ് സമത്വവാദിയിൽ കാണാൻ കഴിയുന്നത്. സമർത്ഥിക്കുക.

29. കേളു നായർക്ക് വെള്ളക്കാരോട് ശത്രുത തോന്നാൻ കാരണമെന്ത്?

30. സത്യത്തിനുവേണ്ടിയുള്ള അന്വേഷണമാണ് 'കറുത്ത ദൈവത്തെത്തേടി'യിൽ പ്രതിഫലിക്കുന്നത്. പരിശോധിക്കുക.

31. മലയാളത്തിലെ പ്രൊഫഷണൽ നാടകസമിതികളെപ്പറ്റി പ്രതിപാദിക്കുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. മരണമെന്ന പ്രതിഭാസത്തെ 1128-ൽ ക്രൈം 27 എന്ന നാടകത്തിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

33. സ്ത്രീമനസ്സുകളെ ആഴത്തിൽ അറിഞ്ഞ് എഴുതിയ നാടകമാണ് കന്യക. സമർത്ഥിക്കുക.

34. സ്ത്രീ വിദ്യാഭ്യാസ കാര്യത്തിൽ നമ്പൂതിരി സമുദായം പുലർത്തിയിരുന്ന പിന്തിരിപ്പൻ നിലപാടുകളോടുള്ള ശക്തമായ വിയോജിപ്പായിരുന്നു ഋതുമതിയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഉപന്യസിക്കുക.

35. ഒരു ശാപകഥയുടെ നാടകീയാവിഷ്കാരമാണ് സാകേതം. ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

---

(Pages : 3) J – 2625

Reg. No. : 115191320l2........

Name : ..Ananthalekshmi S

**Second Semester B.A. Degree Examination, May 2020**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Complementary Course III – ML 1231.1 : കേരളസംസ്കാരം - ഭാഗം II**

**(2018 admission onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ബ്ലോഗ് എന്നതിന്റെ പൂർണ്ണരൂപം എന്ത് ?

2. 'കേരളസംസ്കാരം' എന്ന ഗ്രന്ഥം രചിച്ചതാര് ?

3. ഉദയംപേരൂർ സൂനഹദോസ് നടന്ന വർഷം ഏത് ?

4. സംഘകാലത്തെ ഒരു കവയിത്രിയുടെ പേരെഴുതുക.

5. കുളച്ചൽയുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെട്ട ഡച്ച് സൈന്യാധിപൻ ആര് ?

6. ചിലപ്പതികാരം എഴുതിയതാര് ?

7. ഹോർത്തൂസ് മലബാറിക്കസിലെ പ്രതിപാദ്യമെന്ത് ?

P.T.O.

8. കുണ്ടറവിളംബരം നടത്തിയതാര് ?

9. വാസ്കോഡഗാമ കേരളത്തിൽ വന്ന വർഷം ഏത് ?

10. തൃപ്പടിദാനം നടത്തിയതാര് ?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. ചാന്നാർ ലഹളയുടെ പ്രാധാന്യമെന്ത്?

12. വൈക്കം സത്യാഗ്രഹത്തിന്റെ പശ്ചാത്തലം വ്യക്തമാക്കുക.

13. ഈഴവമെമ്മോറിയലിന്റെ പ്രാധാന്യമെന്ത്?

14. ചട്ടമ്പിസ്വാമികളുടെ സംഭാവനകൾ എന്തൊക്കെയാണ്?

15. കുറിപ്പെഴുതുക - സവർണ്ണജാഥ.

16. ഗ്രന്ഥശാലാപ്രസ്ഥാനത്തെക്കുറിച്ച് ഒരു വിവരണം എഴുതുക.

17. കേരളത്തിൽ അച്ചടിയുടെ പ്രചാരം സാധ്യമായതെങ്ങനെ?

18. കേരളീയ സാമൂഹികമണ്ഡലത്തിന് വി.ടി. ഭട്ടതിരിപ്പാടിന്റെ സംഭാവനകൾ എന്തൊക്കെയാണ്?

19. ഉണ്ണിനമ്പൂതിരി മാസികയ്ക്ക് നവോത്ഥാനചരിത്രത്തിലുള്ള സ്ഥാനമെന്ത്?

20. പന്തിഭോജനത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

21. നാട്ടുവൈദ്യത്തിന്റെ സവിശേഷതകൾ പരിചയപ്പെടുത്തുക.

22. ഭൂപരിഷ്കരണനിയമത്തിന്റെ പ്രാധാന്യമെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ടെലിവിഷന് സമകാലിക കേരളസമൂഹത്തിലുള്ള സ്ഥാനമെന്ത്?

24. അയിത്തോച്ചാടനപ്രസ്ഥാനത്തെക്കുറിച്ച് വിവരിക്കുക.

25. റേഡിയോയുടെ സമകാലികപ്രസക്തിയെന്ത്?

26. കുടിയേറ്റത്തിന്റെ സാമൂഹികപശ്ചാത്തലം വ്യക്തമാക്കുക.

27. കേരളീയനവോത്ഥാനത്തിന് കെ. കേളപ്പൻ നൽകിയ സേവനങ്ങൾ എന്തൊക്കെയാണ്?

28. വില്ലുവണ്ടിയാത്രയുടെ ചരിത്രപ്രാധാന്യം വ്യക്തമാക്കുക.

29. നവമാധ്യമങ്ങൾക്ക് സമകാലികസമൂഹത്തിലുള്ള പ്രാധാന്യം വ്യക്തമാക്കുക.

30. പഴശ്ശിയുടെ കുറിച്യപ്പടയെക്കുറിച്ച് ഒരു വിവരണം എഴുതുക.

31. ആറ്റിങ്ങൽ കലാപത്തിന്റെ പശ്ചാത്തലം വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

32. കേരളീയനവോത്ഥാനത്തിന് എഴുത്തച്ഛൻ നൽകിയ സേവനങ്ങൾ വിലയിരുത്തുക.

33. ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ കേരളത്തിൽ നടന്ന സമരങ്ങളെക്കുറിച്ച് വിവരിക്കുക.

34. മിഷണറിമാർ കേരളത്തിന്റെ ആധുനികീകരണത്തെ സഹായിച്ചതെങ്ങനെ?

35. ഐക്യകേരളപ്രസ്ഥാനത്തെക്കുറിച്ച് ഉപന്യസിക്കുക.

**(2 × 15 = 30 Marks)**

---